പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5537 28.07.2015 - ൽ മറുപടിയ്ക്ക്

## വി കെയർ പദ്ധതി

ചോദ്യം

ശ്രീ. ഇ.പി.ജയരാജൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച വി കെയർ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയോ ; | (എ) | വി-കെയർ പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) | ഇതിനോടകം വി കെയർ പദ്ധതിയിലേയ്ക്ക് എത്ര തുക സമാഹരിക്കുവാൻ കഴിഞ്ഞു ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സംഭാവന ഉൾപ്പെടെ 50,72,13,651/- രൂപ സമാഹരിച്ചിട്ടുണ്ട്. |
| (സി) | വി കെയർ പദ്ധതി മുഖേന ഏതെല്ലാം രോഗങ്ങളുടെ ചികിത്സകൾക്കാണ് ധനസഹായം നൽകുന്നത് ; | (സി) | വി-കെയർ പദ്ധതി രോഗ ചികിത്സക്ക് ധനസഹായം അനുവദിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തിയ ഒരു പദ്ധതിയല്ല. എന്നിരുന്നാലും സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതും സർക്കാരിൽ നിന്നും മറ്റു സാമ്പത്തിക സഹായങ്ങളൊന്നും ലഭിക്കാത്തതും അതീവ ഗുരുതരമായ രോഗം (Severe and critical cases) ബാധിച്ചവർക്ക് വി-കെയർ പദ്ധതിയിൽ നിന്ന് ചികിത്സക്ക് ധനസഹായം നൽകുന്നുണ്ട്. |
| (ഡി) | വി കെയർ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | സാമൂഹ്യ സുരക്ഷാ മിഷന്റെ വിവിധ പദ്ധതികൾക്കു സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതത്തിനു പുറമെ കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരിൽ നിന്നും മിഷന്റെ പദ്ധതികൾക്കാവശ്യമായ അധിക വിഭവസമാഹരണം നടത്തുക, പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ജീവകാരുണ്യ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക, നിലവിലുള്ള പ്രോജക്ടുകളുടെയും സ്കീമുകളുടെയും മാനദണ്ഡങ്ങളുടെ പരിധിയിൽ പെടാത്ത സാമൂഹ്യ സുരക്ഷ ആവശ്യമുള്ള ഏതൊരാൾക്കും പരിരക്ഷ നൽകുക തുടങ്ങിയവയാണ് വി-കെയർ പദ്ധതിയുടെ ലക്ഷ്യങ്ങൾ |

സെക്ഷൻ ഓഫീസർ